ഷെഡ്യൂളുകളാണ് സർവ്വീസുകൾ നടത്തിയിരുന്നത്. ഇപ്പോൾ 99 ഷെഡ്യൂളുകളായി വർദ്ധിച്ചിട്ടുണ്ട്. ഇതിന്റെ 75% ഷെഡ്യൂളുകൾ ശരാശരി സർവ്വീസ് നടത്തുന്നുണ്ട്. ഇതിൽതന്നെ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ 10 അന്തർ സംസ്ഥാന സർവ്വീസുകളും കൊന്നക്കാട്-കാസർഗോഡ് -മണിപാൽ, കാസർഗോഡ്-സുബ്രമണ്യ എന്നീ റൂട്ടുകളിൽ ഓരോന്നുവീതവും കാസർഗോഡ്-പുത്തൂർ, കാസർഗോഡ്-സുള്ള്യ എന്നീ റൂട്ടുകളിൽ 5 വീതവും, കാസർഗോഡ്-ബാംഗ്ളൂർ റൂട്ടുകളിൽ 4 സർവ്വീസുകളും, കാസർഗോഡ്-മെർക്കാറോ റൂട്ടിൽ ഒരെണ്ണവും പുതുതായി തുടങ്ങിയിട്ടുണ്ട്. 1-7-1999 മുതൽ കാസർഗോഡ് സബ് ഡിപ്പോ പൂർണ്ണമായും ഡിപ്പോയായി ഉയർത്തിയിട്ടുണ്ട്. ചിലപ്പോൾ വാഹനങ്ങളുടെ കുറവുകാരണം വരുമാനം കുറവുള്ള ചില സർവ്വീസുകൾ തൽക്കാലത്തേയ്ക്ക് നിർത്തിവച്ചിട്ടുണ്ട്. ഡീസൽ 20% കുറയ്ക്കാൻ തീരുമാനിച്ചു എന്നുള്ള വിവരം ശരിയാണ് എന്ന് എനിക്ക് തോന്നുന്നില്ല.

## V റിപ്പോർട്ട് സമർപ്പണം

### (1) കാര്യോപദേശക സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കു വേണ്ടി ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട് ഞാൻ മുഖ്യമന്ത്രിക്കു വേണ്ടി സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

### (2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട്

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

### (3) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ് : ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

### (4) പിന്നോക്ക സമുദായക്ഷേമ സമിതിയുടെ ഇരുപത് മുതൽ ഇരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. യു. എസ്. ശശി : സർ, പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. കടകംപള്ളി സുരേന്ദ്രനു വേണ്ടി കമ്മിറ്റിയംഗമായ ഞാൻ സമിതിയുടെ ഇരുപത് മുതൽ ഇരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly